പതിനാലാം കേരള നിയമസഭ

<u>അഞ്ചാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2867

10.05.2017 ൽ മറുപടിയ്ക്ക്

## സെക്രട്ടറിയേറ്റിൽ ഇ-ഓഫീസ് സംവിധാനം കാര്യക്ഷമമാക്കുവാൻ നടപടി

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി | | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) | |
|---|---|---|---|
| (എ) | സെക്രട്ടറിയേറ്റിൽ ഭരണവേഗത കൂട്ടുവാൻ നടപ്പിലാക്കിയ ഇ-ഓഫീസ് സംവിധാനം കാര്യക്ഷമമാണോ; | (എ) | സെക്രട്ടറിയേറ്റിൽ നടപ്പിലാക്കിയിട്ടുള്ള ഇ-ഓഫീസ് തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്ന ഇ-ഫയലിംഗ് സംവിധാനമാണ്. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷാന്ത്യത്തിൽ ഒരേ സമയം കൂടുതൽ ഫയലുകൾ കൈകാര്യം ചെയ്യേണ്ടി വന്നപ്പോഴുണ്ടായ പ്രവൃത്തിഭാരം മൂലം ഇ-ഓഫീസ് സോഫ്റ്റ് വെയറിൽ വേഗതക്കുറവ് അനുഭവപ്പെട്ടിരുന്നു. |
| (ബി) | സോഫ്റ്റ്വെയറിലെ തകരാറുമൂലം ഭരണം സ്തംഭനത്തിലാണ് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | വകുപ്പ് മേധാവികൾ ഇ-ഓഫീസ് സംവിധാനം പൂർണ്ണമായും ഉൾക്കൊള്ളാത്തതും സെക്രട്ടറിയേറ്റിലെ മാനുവൽ ഫയൽ നീക്കവും ഇ-പ്രോഗ്രാമിംഗും തമ്മിലുള്ള പൊരുത്തക്കേടും പ്രസ്തുത സംവിധാനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുവാൻ പ്രതിബന്ധമായി നിൽക്കുന്നുവെന്നത് വസ്തുതയാണോ യെന്ന് വ്യക്തമാക്കുമോ; | (സി) | രഹസ്യവും, നിർണ്ണായക സ്വഭാവമുള്ളതുമായ ചില ഫയലുകൾ ഇലക്ട്രോണിക് ആയി മാറ്റുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകളൊഴികെ, ഏതെങ്കിലും ഘടകങ്ങൾ സെക്രട്ടറിയേറ്റിൽ ഇ-ഓഫീസ് സംവിധാനം പൂർണ്ണമായി നടപ്പിലാക്കുന്നതിന് പ്രതിബന്ധമായി നിലനിൽക്കുന്നതായി കാണുന്നില്ല. |

| | | | |
|---|---|---|---|
| (ഡി) | പുതിയ സോഫ്റ്റ് വെയർ സ്ഥാപിച്ച് ഇ-ഓഫീസ് സംവിധാനം കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (ഡി) | ഇ-ഫയലിംഗ് സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ സോഫ്റ്റ് വെയർ (ഇ-ഓഫീസ് Version 2) വികസിപ്പിച്ചെടുക്കാൻ, എൻ .ഐ.സി യുടെ പദ്ധതി നിർദ്ദേശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ